# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

മഴവെള്ള സംഭരണി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1052** **30.9.16- ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പുതിയ കെട്ടിടങ്ങൾക്കും കെട്ടിട സമുച്ചയങ്ങൾക്കും അനുമതി നൽകുമ്പോൾ ആ കെട്ടിടങ്ങളിലേക്ക് ആവശ്യമായ ശുദ്ധജലം സംഭരിക്കുവാൻ മഴവെള്ള സംഭരണികൾ കൂടി പണിയണം എന്ന് ഇപ്പോൾ അനുശാസിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ നിയമം പാലിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(1), (2) പ്രകാരം, അപേക്ഷകൻ സമർപ്പിക്കുന്ന പ്ലാൻ/ഡ്രോയിംഗുകൾ/സ്പെസിഫിക്കേഷൻ എന്നിവ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ട് എന്ന് ബോദ്ധ്യപ്പെട്ട ശേഷമാണ് ടി പ്ലാനുകൾക്ക് അംഗീകാരം നൽകുന്നതും പെർമിറ്റ് നൽകുന്നതും.<br>കൂടാതെ ഭൂവികസനം/നിർമ്മാണം നടത്തിയ ശേഷം കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 22(2), (3) പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 25(2), (3) എന്നിവ പ്രകാരവും ഡെവലപ്പ്മെന്റ്/ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ആയത് പെർമിറ്റിന് അനുസൃതമാണോ നടത്തിയിട്ടുള്ളത് എന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | വലിയ ഫ്ലാറ്റുകളും മറ്റും ഭൂഗർഭ ജലം ക്രമാതീതമായി ഊറ്റിയെടുക്കുന്നതു കാരണം ചുറ്റുമുള്ള പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | | ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ